SINCE-1923
N.S.S.V. SABHA
Reg.No.1/1101
PARAMBIKULANGARA,
METHALA-680669

## പറമ്പിക്കുളങ്ങര
## നായർ സമുദായ ശ്രീവിലാസിനി സഭ

### ഭരണസമിതിയുടെ
### രണ്ടര വർഷത്തെ പ്രവർത്തനങ്ങളുടെ

# നേർക്കാഴ്ച



**സുതാര്യം**
**കരുതൽ**
**വികസനം**

# പറമ്പിക്കുളങ്ങര
# നായർ സമുദായ ശ്രീവിലാസിനി സഭ

പ്രിയ സഭാമെമ്പർമാരെ,

നിങ്ങൾ ഞങ്ങളിൽ അർപ്പിച്ച വിശ്വാസം നൂറ് ശതമാനം സത്യസന്ധമായും സുതാര്യമായും ഈ കഴിഞ്ഞ രണ്ടരവർഷം ഞങ്ങൾ കാത്തുസൂക്ഷിച്ചിട്ടുണ്ട്. ഇനിയും അങ്ങിനെതന്നെ ആയിരിക്കും. ഞങ്ങൾ അധികാരം ഏറ്റെടുത്തപ്പോൾ നിങ്ങൾക്കുതന്ന വാഗ്ദാനങ്ങൾ 99 ശതമാനവും ചെയ്തുകഴിഞ്ഞിരിക്കുന്നു. പ്രകടനപത്രികയിൽ ഉൾപ്പെടുത്താത്ത പല പ്രവർത്തനങ്ങളും ഞങ്ങൾക്ക് ചെയതുതീർക്കുന്നതിന് സാധിച്ചിട്ടുണ്ട്. എല്ലാ അംഗങ്ങൾക്കുമായി വിവിധ പദ്ധതികളിലൂടെ 470900 രൂപ (ഡിവിഡന്റ് ഉൾപ്പെടെ) ഈ കാലയളവിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വികസനപ്രവർത്തനങ്ങൾ വേറെയും. ഈ രണ്ടര വർഷവും സഭയും കമ്പനിയും തുടർച്ചയായി ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. തൻവർഷവും ലാഭത്തിൽതന്നെയാണ്. കൂട്ടായ ഭരണസമിതിയുടെ പ്രവർത്തനവും പറമ്പിക്കുളങ്ങര ശ്രീകൃഷ്ണസ്വാമിയുടെ അനുഗ്രഹവും നിങ്ങൾ നൽകുന്ന പിന്തുണയും പ്രാർത്ഥനയുമാണ് ഞങ്ങൾക്ക് പ്രവർത്തിക്കാനുള്ള ശക്തി നൽകുന്നത്. ഇനിയും മികവുറ്റ പ്രവർത്തനങ്ങൾ നടത്തുവാനുണ്ട്. സഭയുടെയും അംഗങ്ങളുടെയും ഉന്നമനത്തിനായി നമുക്ക് ഒന്നിച്ച് പ്രവർത്തിക്കാം. ക്രിയാത്മകമായ വിമർശനങ്ങളെ ഉൾക്കൊണ്ടും അപവാദ-ദുഷ്പ്രചരണങ്ങൾക്ക് ചെവികൊടുക്കാതെയും വികസനപ്രവർത്തനങ്ങളുമായി നാം മുന്നേറുകയാണ്. തുടർന്നും ഒരുമിച്ച് ഒരുമനസ്സോടെ പ്രവർത്തിക്കുന്നതിന് നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും ഉപദേശ നിർദ്ദേശങ്ങളും ഉണ്ടാകണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ രണ്ടര വർഷകാലയളവിലെ പ്രവർത്തന റിപ്പോർട്ട് നിങ്ങൾക്കായി സദയം സമർപ്പിക്കുന്നു.

**നമുക്ക് മുന്നേറാം..**
**ഒരൊറ്റ മനസ്സായ്...**
**ഒറ്റക്കെട്ടായ്.....**



# പ്രവർത്തനങ്ങൾ



## CCTV

ഭരണസമിതി അധികാരമേറ്റ ഉടൻതന്നെ സഭാഹാളും പരിസരവും സുരക്ഷിതത്വമാക്കുന്നതിന്റെ ഭാഗമായി 9 ക്യാമറകൾ 45,000 രൂപ ചിലവിൽ സ്ഥാപിക്കുകയും ലൈവായി വീഡിയോ ദൃശ്യങ്ങൾ 3 ഭരണസമിതി അംഗങ്ങളുടെ മൊബൈലിൽ ലഭ്യമാകുന്ന തരത്തിലുള്ള നിരീക്ഷണ സോഫ്റ്റ്‌വെയറും ഇൻസ്റ്റാൾ ചെയ്ത് സഭാഹാളും പരിസരവും പൂർണ്ണ സുരക്ഷിതത്തമാക്കി മാറ്റാൻ സാധിച്ചു.



## GOODS LIFT

സഭാഹാൾ പുതുക്കി പണിതെങ്കിലും ഒന്നാംനില പൂർണ്ണമായും ഫലപ്രദമാക്കി ഉപയോഗിക്കാൻ നമുക്ക് സാധിച്ചിരുന്നില്ല. സദ്യക്കുള്ള ഭക്ഷണം മുകളിലേക്ക് എത്തിക്കുന്നതടക്കം പല പ്രായോഗിക ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു. ആയത് കണക്കിലെടുത്ത് പൊതുയോഗം 1,50,000 രൂപ ലിഫ്റ്റ് സ്ഥാപിക്കുന്നതിന് അനുവദിച്ചു. വിവിധ ക്വട്ടേഷനുകളിൽനിന്നും നമുക്ക് ലഭിച്ച ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ തുകയായ 1,25,000 രൂപയ്ക്ക് ലിഫ്റ്റ് നിർമ്മിക്കുകയും ഇപ്പോൾ ഒന്നാം നില സുഗമമായി പ്രവർത്തിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യുന്നു.



## സപ്തതി സമ്മാൻ

സഭാ ചരിത്രത്തിൽ ആദ്യമായി സഭാമെമ്പർമാരായ 70 വയസ്സിന് മുകളിൽ പ്രായമുള്ള 35 അംഗങ്ങൾക്ക് 700 രൂപ വീതം 24,500 രൂപയുടെ പെൻഷൻ പദ്ധതി ആരംഭിച്ചു. പ്രസിഡന്റ് അലവൻസ്, കമ്മിറ്റി മെമ്പേഴ്സ് സിറ്റിങ്ങ് ഫീ എന്നീ സംഖ്യകൾ ഭരണസമിതി വാങ്ങാതെ, ആ തുക ഉപയോഗിച്ചാണ് ഈ പദ്ധതി ആരംഭിച്ചത്. ഇതിലൂടെ 138 അംഗങ്ങൾക്ക് പരോക്ഷമായി ഗുണം ലഭിച്ചു. ഈ ഭരണസമിതിയുടെ പ്രവർത്തനത്തിലെ ഏറ്റവും മികച്ച പ്രവർത്തനമായി ഈ പദ്ധതിയെ കാണുന്നു. ഈ ഭരണസമിതി നിലനിൽക്കുന്നിടത്തോളം കാലം ഈ പദ്ധതി അംഗങ്ങൾക്കായി നടപ്പാക്കുന്നതാണ്.



## ശ്രീവിലാസം ലൈബ്രറി

സഭാ അംഗങ്ങൾക്കും, സമൂഹത്തിനും, പ്രദേശത്തെ കുട്ടികൾക്കുമായി വിജ്ഞാനപ്രദവും, സാമൂഹ്യനന്മ മുന്നിൽകണ്ടും വളരെ പ്രശസ്തമായ പുസ്തകങ്ങൾ (30,000 രൂപയുടെ) അടങ്ങുന്ന ഒരു മിനി ലൈബ്രറി സ്പോൺസർഷിപ്പോടെ തുടങ്ങുവാൻ സാധിച്ചത് അതിയായ സന്തോഷം ഉളവാക്കുന്നതാണ്.




## പ്രിവിലേജ് കാർഡ്

കൊടുങ്ങല്ലൂർ ഗൗരിശങ്കർ ഹോസ്പിറ്റലുമായി സഹകരിച്ചുകൊണ്ട് (20%-30%) ഡിസ്കൗണ്ടോടെ അംഗങ്ങൾക്കും കുടുംബത്തിനും പ്രയോജനകരമാകുംവിധം പ്രിവിലേജ് കാർഡ് നൽകാൻ സാധിച്ചു. കൊടുങ്ങല്ലൂർ താജ് ഒപ്റ്റിക്കൽസുമായി സഹകരിച്ചുകൊണ്ട് 30% ഡിസ്കൗണ്ടിൽ കണ്ണടകൾ നൽകുന്നതിനുള്ള പ്രവർത്തനവും പ്രിവിലേജ് കാർഡിലൂടെ സഭാ അംഗങ്ങൾക്ക് നൽകുവാൻ ഭരണസമിതിക്ക് സാധിച്ചു.



## കമ്പൽസറി സിറ്റിംങ്ങ് ഫീ

സഭാ മെമ്പർമാർക്കും ഷെയർഹോൾഡേഴ്സിനും വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്നതിലൂടെ നിശ്ചിത സംഖ്യ നിർബന്ധമായും സിറ്റിംങ്ങ് ഫീ ആയി നൽകുന്നതിന് ഈ ഭരണസമിതിക്ക് സാധിച്ചിട്ടുണ്ട്. കഴിഞ്ഞ പൊതുയോഗത്തിൽ .40,400 രൂപ നൽകി. പ്രവർത്തനലാഭത്തിൽനിന്നും നിശ്ചിത സംഖ്യ ഇതിലേക്കായി ഭരണസമിതി മാറ്റിവയ്ക്കുന്നു. കോവിഡ് മഹാമാരി മൂലം കഴിഞ്ഞ വാർഷിക പൊതുയോഗം നടത്താൻ നമുക്ക് സാധിച്ചിരുന്നില്ല.



## മികച്ച കർഷകരെ ആദരിച്ചു

സഭ ആദ്യമായി സഭാ അംഗങ്ങളായിട്ടുള്ള വിവിധ കർഷക പ്രതിഭകളെ ആദരിച്ചു. കെ.പി.നാരായണൻകുട്ടി, രാധാകൃഷ്ണൻ കാളത്ത് രാജേശ്വരി രാമചന്ദ്രൻ എന്നിവരെ സഭ ആദരിച്ചു.



## സാംസ്കാരിക പ്രവർത്തനം

സഭാ മെമ്പർമാരുടെയും, കുട്ടികളുടെയും കലാവാസനകളുടെ പ്രോത്സാഹനം ലക്ഷ്യമിട്ട് നടത്തിയ പരിപാടി ബഹുജന പങ്കാളിത്തം കൊണ്ട് വൻ വിജയമായി മാറി. വരും വർഷങ്ങളിൽ ഇതിലും ഗംഭീരമായി ഈ പരിപാടിയുമായി മുന്നോട്ട് പോകുന്നതാണ്.



## ടെലഫോൺ ഡയറക്ടറി

നീണ്ടകാലത്തെ സഭാമെമ്പർമാരുടെ ആവശ്യമായിരുന്നു എല്ലാ അംഗങ്ങളുടെയും നമ്പർ അടങ്ങുന്ന ഒരു ടെലഫോൺ ഡയറക്ടറി പുറത്തിറക്കുക എന്നത്. അത് വരുന്ന പൊതുയോഗത്തിൽ യാഥാർത്ഥ്യക്കുന്നതാണ്.



## E-Help Line

സഭാ മെമ്പർമാർക്കും സമൂഹത്തിനും ഉപകാരപ്രദമാകും വിധത്തിൽ ടെലഫോൺ ബിൽ, കറന്റ് ബിൽ, കരം അടക്കുക, ഇ-മെയിൽ ചെയ്യുക തുടങ്ങിയ കാര്യങ്ങൾ സഭാ ഓഫീസിലൂടെ ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള E-Help line പദ്ധതി അടുത്ത സാമ്പത്തികവർഷം മുതൽ നടപ്പിലാക്കുന്നു.



## ഡയാലിസിസ് നിധി

ഒരു മാസം 1,000 രൂപ വീതം 12 മാസം (1,2000 രൂപ) ഡയാലിസിസ് രോഗികൾക്ക് നൽകുന്ന പദ്ധതിക്ക് ആരംഭം കുറിച്ചു. നായർ സമുദായത്തിൽപ്പെട്ട അംഗങ്ങൾക്കോ അല്ലാത്തപക്ഷം സമൂഹത്തിലുള്ള മറ്റ് അർഹതപ്പെട്ടവർക്കോ ഈ സംഖ്യ നൽകുന്നതായിരിക്കും. തികച്ചും സ്പോൺസർഷിപ്പോടെ ആയിരിക്കും ഈ പദ്ധതി നടപ്പാക്കുക. സഭാ അംഗങ്ങൾക്കും ഈ പദ്ധതിയിലേക്ക് സ്പോൺസർ നൽകാവുന്നതാണ്. വീട്ടിലെ വിശേഷ ദിവസങ്ങളിൽ ഈ നിധിയിലേക്ക് അംഗങ്ങൾക്ക് താൽപര്യമുള്ള സംഖ്യ നൽകാവുന്നതാണ്. ഈ പദ്ധതി വിജയത്തിലേക്ക് എത്തിക്കാൻ എല്ലാവരുടെയും സഹായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.



## ചികിത്സാ സഹായം

കഴിഞ്ഞ കാലഘട്ടത്തിൽനിന്നും വ്യത്യസ്തമായി 20% വർദ്ധനവ് വരുത്തി 8,000 രൂപ ചികിത്സാ സഹായത്തിന് രണ്ടര വർഷത്തിൽ നൽകുന്നതിന് സാധിച്ചു.



## ഓണസമ്മാൻ

സഭയും കമ്പനിയും ആദ്യമായി ഒന്നിച്ചുചേർന്ന് ഓണാഘോഷവേളയിൽ എല്ലാ അംഗങ്ങളുടെയും കുടുംബത്തിലേക്ക് 500 രൂപ വീതം 1,73,000 രൂപ ഓണസമ്മാൻ പദ്ധതിയിലൂടെ നൽകുന്നതിന് ഈ ഭരണസമിതിക്ക് സാധിച്ചു. എല്ലാ അംഗങ്ങളും പൂർണ്ണമനസ്സോടെയും, സന്തോഷത്തോടെയും ഈ പദ്ധതിയെ സ്വാഗതം ചെയ്തു. വരുംനാളുകളിലും ഈ പദ്ധതി തുടർന്നു പോകുവാൻ ഭരണസമിതി ശ്രമിക്കുന്നതായിരിക്കും.

# കമ്പനി പ്രവർത്തനങ്ങൾ



## കുറികൾ

ചിട്ടി നിയമം അനുസരിച്ച് നിലവിൽ 5 കുറികൾ ആരംഭിച്ചു. പ്രതിസന്ധി ഘട്ടത്തിൽപോലും 10,000 രൂപയുടെ 3 ഡിവിഷനിൽ 180 പേരെ ഉൾപ്പെടുത്തി ചിട്ടി ആരംഭിച്ചു.

| കുറി നമ്പർ | സല | തവണസംഖ്യ/കാലാവധി/ഡിവിഷൻ |
|---|---|---|
| 64/18 | 4,32,000 | 3000 x 36 x 4 |
| 14/19 | 2,40,000 | 2500 x 48 x 2 |
| 46/19 | 2,88,000 | 2000 x 36 x4 |
| 26./20 | 18,00,000 | 10,000 x 60 x 3 |
| 2/2 | 2,88,000 | 2000 x 36 x 4 |



# മിനിമം വേജസ് സമ്പ്രദായം നിലവിൽ കൊണ്ടുവന്നു.

G.O.8/20/LBR പ്രകാരം 4 ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും മിനിമം വേജസ് സമ്പ്രദായം ലേബർ ഓഫീസിലെ നിർദ്ദേശപ്രകാരവും ലീഗൽ അഡ്വൈസറുടെയും ലേബർ ഓഫീസറുടെയും ഉപദേശങ്ങൾ സ്വീകരിച്ച് നടപ്പിലാക്കി. ഇതിലൂടെ ജീവനക്കാരെ സംരക്ഷിക്കുന്നതിനും അവരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും ഭരണസമിതിക്ക് സാധിച്ചു.

| തസ്തിക | മിനിമം വേജസ് നടപ്പിലാക്കുന്നതിന് മുൻപ് നൽകിയിരുന്ന ശമ്പളം | മിനിമം വേജസ് നടപ്പിലാക്കിയതിന് ശേഷം നൽകുന്ന ശമ്പളം |
|---|---|---|
| മാനേജർ | 9,900 | 22,970 |
| ട്രഷറർ | 9,350 | 18,720 |
| ജൂനിയർ ക്ലാർക്ക് | 8,800 | 17,220 |
| കളക്ഷൻ ഏജന്റ് | 7,700 | 15,720 |



## ഓഫീസ് നവീകരണം

കാലഘട്ടത്തിന്റെ മാറ്റം അനുസരിച്ചും ഇടപാടുകാരുടെ സൗകര്യാർത്ഥവും ചിങ്ങം 1-ാം തിയ്യതി ഓഫീസ് നവീകരിച്ച് പ്രവർത്തനം ആരംഭിച്ചു.



## ഡിവിഡന്റ്

കഴിഞ്ഞ വർഷം 30% ലാഭവിഹിതം നൽകുവാൻ സാധിക്കുകയും ഈ വർഷം ലാഭവിഹിതം 40% ഉയർത്തുന്നതിലേക്ക് പൊതുയോഗ നിശ്ചയപ്രകാരം നടപ്പാക്കുകയും ചെയ്തു. ഇതിലൂടെ 2,00,000 രൂപയുടെ ഡിവിഡന്റ് അംഗങ്ങൾക്ക് നൽകി. ഈ വർഷവും 40% മുതൽ 50% വരെ ഡിവിഡന്റ് പൊതുയോഗത്തിന്റെ അനുമതിയോടെ നൽകുവാൻ ഭരണസമിതി ശ്രമിക്കും.



## ജാമ്യവ്യവസ്ഥ

ചിട്ടി ഇടപാടുകാർക്ക് എളുപ്പത്തിൽ സംഖ്യ ലഭ്യമാകുന്നതിന് മറ്റു ഈടുകൾക്ക് പുറമെ ഗോൾഡ് സെക്യൂരിറ്റി സമ്പ്രദായം ഈ ഭരണസമിതി നടപ്പിലാക്കി.




## വെബ്സൈറ്റ്

കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് കമ്പനിയുടെ ഒരു വെബ്സൈറ്റ് www.sabhakuries.com ചിങ്ങമാസം 1-ാം തീയതി ഉദ്ഘാടനം ചെയ്തു. കുറി അംഗങ്ങളുടെ സൗകര്യം കണക്കിലെടുത്ത് എവിടെയിരുന്നും കുറിയുടെ തുക അടയ്ക്കുവാനുള്ള സംവിധാനം നടപ്പിലാക്കുവാൻ നമ്മുടെ ബാങ്കുമായി ചർച്ച ചെയ്തുവരുന്നു.

# ഭാവി പ്രവർത്തനങ്ങൾ



## നീതി തൊഴിൽദാൻ

അടുത്ത 3 വർഷത്തിനുള്ളിൽ 6 പുതിയ സഭാ മെമ്പർമാർക്ക് തൊഴിൽ നൽകും എന്നുള്ളത് ഈ ഭരണസമിതി നിങ്ങളുടെ മുന്നിൽ ഉറപ്പുനൽകുന്നു. ഞങ്ങളുടെ മുഖ്യ അജണ്ടയും ഈ തൊഴിലവസരം നൽകുക എന്നതാണ്.



## നിധി ലിമിറ്റഡ്

സഭയുടെ നേതൃത്വത്തിൽ ഒരു നിധി ലിമിറ്റഡ് രൂപീകരിക്കുന്നതിനും അംഗങ്ങളിൽനിന്ന് ഡെപ്പോസിറ്റ് സ്വീകരിച്ചുകൊണ്ട് അംഗങ്ങൾക്കും, പുറമെയുള്ള വ്യക്തികൾക്കും ഗോൾഡ് ലോൺ ഉൾപ്പെടെ സെക്വേർഡ് ലോണുകൾ നൽകി പുതിയ ബിസിനസ്സ് മേഖലയിലേക്ക് കടക്കുന്നതിനുള്ള നടപടികൾ ആലോചിച്ചുവരുന്നു. അടുത്ത സാമ്പത്തികവർഷം നിധി ലിമിറ്റഡ് ആരംഭിക്കുന്നതുമാണ്.




## സഭ മിനി സൂപ്പർമാർക്കറ്റ്

സഭയുടെ കീഴിൽ അനുയോജ്യമായ സ്ഥലത്ത് ഒരു സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ അന്തിമഘട്ടത്തിലാണ്. ഇതിലൂടെ പൊതുവിപണി വിലയിൽ താഴെ ഭക്ഷ്യസാധനങ്ങൾ അംഗങ്ങളുടെ വീടുകളിൽ എത്തിച്ചുനൽകുന്ന ഈ പദ്ധതി സഭക്കും അംഗങ്ങൾക്കും ഒരു മുതൽകൂട്ടായിരിക്കും. എല്ലാ അംഗങ്ങളുടെയും സഹായസഹകരണം പ്രതീക്ഷിക്കുന്നു. ഇതിലൂടെ ചുരുങ്ങിയത് 2 പേർക്ക് ജോലി സാധ്യതയും ലഭ്യമാകുന്നതാണ്.

## സഭ ജനസേവന കേന്ദ്രം

ആധുനിക കാലത്ത് അപേക്ഷകൾ, ബില്ലുകൾ തുടങ്ങി എല്ലാവിധ ഗവൺമെന്റ് കാര്യങ്ങളും ഇത്തരം സേവനകേന്ദ്രം വഴി ആണ് നടപ്പാക്കുന്നത്. സഭയുടെ മെമ്പർമാർക്കും പൊതുജനങ്ങൾക്കും ഉപകാരപ്രദമാകുന്ന ഈ പദ്ധതി ഉടൻ ആരംഭിക്കുന്നതാണ്.

## സ്വയംതൊഴിൽ സംഘങ്ങൾ

വനിതകളുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി നിധി കമ്പനിയിലൂടെ സംഘങ്ങൾ രൂപീകരിക്കുകയും സാമ്പത്തിക സഹായം നൽകുകയും പുതിയ തൊഴിലവസരങ്ങൾ ഒരുക്കുകയും ചെയ്യും.



## മൊബൈൽ ഫ്രീസർ

മരണവീടുകളിലേക്ക് കൊള്ള വാടക നൽകി മൊബൈൽ ഫ്രീസർ എടുക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. അതിൽനിന്നും വ്യത്യസ്തമായി മാന്യമായ വാടകയിൽ മൊബൈൽ ഫ്രീസർ നൽകുന്നതിനുള്ള സംവിധാനം മരണസംഘവുമായി ചേർന്ന് നടപ്പിലാക്കും.




## അർഹത വിദ്യാഭ്യാസ നിധി

സഭ മെമ്പർമാരിൽനിന്ന് എത്തിക്സ് കമ്മിറ്റി രൂപീകരിക്കുകയും സാമ്പത്തികമായി പുറകിൽനിൽക്കുന്ന അംഗങ്ങളുടെ മക്കൾക്ക് ഒരു വർഷത്തെ വിദ്യാഭ്യാസത്തിനായി, വിദ്യാഭ്യാസ സഹായം 3 ഘട്ടം ആയി നൽകുന്നതിനുള്ള പദ്ധതി ആരംഭിക്കും.



## കാരുണ്യ റിലീഫ്
## (SHARE CLAIMING MEDICAL FUND)

ലാഭത്തിന്റെ നിശ്ചിത ശതമാനം സംഖ്യ മാറ്റിവച്ച് ടി സംഖ്യ ഷെയർഹോൾഡേഴ്സിന്റെ ഷെയറിന്റെ ആനുപാതത്തിൽ 20% എല്ലാ വർഷവും അംഗങ്ങൾക്ക് ചികിത്സാ ചിലവിൽ ക്ലെയിം ചെയ്യാവുന്ന പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. ഓഡിറ്ററുടെ ഉപദേശം സ്വീകരിച്ച് ടാക്സ് ബെനിഫിറ്റ് ലഭ്യമാകുന്നതിന് ടി സംഖ്യ വിനിയോഗിക്കും.



## വയോജന ഹെൽപ്പ്ലൈൻ

ഈ പദ്ധതിയിലൂടെ വയോജനങ്ങളുടെ വീടുകളിലെ ആവശ്യങ്ങൾ (മരുന്ന്, ഭക്ഷ്യവസ്തുക്കൾ, ഹോസ്പിറ്റൽ അഡ്മിഷൻ) കൂടാതെ കിടപ്പിലായ രോഗികൾക്ക് ട്യൂബ് ഇടുക, ട്രിപ്പ് ഇടുക തുടങ്ങിയ കാര്യങ്ങൾ 9 അംഗ ഭരണസമിതിയുടെ കീഴിൽ ഒരു വളണ്ടിയർ ഗ്രൂപ്പ് രൂപീകരിക്കുകയും സഭാ മെമ്പർമാരായ നഴ്സിങ്ങ് ജോലിചെയ്യുന്നവരെയും, ചെയ്തവരെയും ഉൾപ്പെടുത്തി ഈ പദ്ധതി ആരംഭിക്കുന്നതാണ്.



## EDUCATIONAL SELF MOTIVATION HUB AND PSC COACHING CENTRE

വളർന്നുവരുന്ന തലമുറക്ക് അവരുടെ ഭാവി പഠനപ്രക്രിയക്ക് കൂടുതൽ വിജ്ഞാനം നൽകുന്നതിനും അതുപോലെ ഗവണ്മെൻറ് ജോലി ലഭ്യമാകുന്നതിനും സഹായകരം ആകുന്ന ഒരു സൗജന്യ സീസണൽ കോച്ചിംഗ് സെന്റർ ആരംഭിക്കും.



## നന്മ കിച്ചൻ

സഭാ മെമ്പർമാരുടെ വീടുകളിലേക്കും വയോജനങ്ങൾക്കും ഓർഡർപ്രകാരം ഭക്ഷണം പാകം ചെയ്തുനൽകുന്ന നന്മ കിച്ചൻ ആരംഭിക്കും



## ഇന്റേണൽ ഓഡിറ്റിംഗ്

സഭാ മെമ്പർമാരിൽനിന്നും 2 അംഗങ്ങളെ ഇന്റേണൽ ഓഡിറ്റർമാരായി തിരഞ്ഞെടുത്ത് Monthly Internal Audit സംവിധാനം ഉടൻ നടപ്പിലാക്കും.



## ജീവൻ മെഡി ഹെൽപ്പ്

സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന സഭാ മെമ്പർമാരായ 4 വ്യക്തികൾക്ക് എല്ലാ മാസവും മരുന്ന് വാങ്ങുന്നതിനായി ഒരു നിശ്ചിത തുക സ്പോൺസർഷിപ്പിലൂടെ നൽകുന്ന ഈ പദ്ധതി ഉടനെ ആരംഭിക്കുന്നു.



## സഭ ഇവന്റ് മാനേജ്മെന്റ്

സഭാഹാളിലെ പരിപാടികളുടെ എല്ലാ ഉത്തരവാദിത്തവും ഏറ്റെടുത്ത് കല്ല്യാണത്തിന്റെ ആവശ്യത്തിലേക്കുള്ള എല്ലാ കാര്യങ്ങളും ഉത്തരവാദിത്തത്തോടെ നടത്തുന്ന ഇവന്റ് മാനേജ്മെന്റ് ആരംഭിക്കും.



## അവകാശ് പെൻഷൻ


നിലവിലെ സപ്തതി സമ്മാൻ പെൻഷൻ പദ്ധതി വിപുലീകരിച്ചുകൊണ്ട് സഭാ മെമ്പർമാരായ 65 വയസ്സ് മുതലുള്ള എല്ലാ അംഗങ്ങൾക്കും പെൻഷൻ പദ്ധതി നടപ്പിലാക്കും.

## പൊതുനന്മ പ്രവർത്തനത്തിലൂടെ അംഗങ്ങൾക്ക് നൽകിയ തുക

| പ്രവർത്തനം | സംഖ്യ |
|---|---|
| സപ്തതി സമ്മാൻ പെൻഷൻ | 24,500 |
| കമ്പൽസറി സിറ്റിംഗ് ഫീ (പൊതുയോഗം) | 40,400 |
| ചികിത്സാ സഹായം | 8,000 |
| ഓണസമ്മാൻ (സഭ) | 90,000 |
| ഓണസമ്മാൻ (കമ്പനി) | 83,000 |
| ഡിവിഡന്റ് | 2,25,000 |
| ആകെ | 4,70,900 |

എന്നും എപ്പോഴും... നമ്മൾ ഒന്നിച്ച്... സഭയുടെ ഉയർച്ചയ്ക്ക്...



സപ്തതി സമ്മാൻ പെൻഷൻ വിതരണം



നവീകരിച്ച കമ്പനി ഓഫീസ് ഉദ്ഘാടനം



ഡയാലിസിസ് സംഖ്യ സ്വീകരണം



കമ്പനി വെബ്സൈറ്റ് ഉദ്ഘാടനം



കമ്പനി ലോഗോ പ്രകാശനം



ശ്രീവിലാസം ലൈബ്രറി ഉദ്ഘാടനം



മികച്ച വിദ്യാർത്ഥിക്കുള്ള
അവാർഡ് വിതരണം



ഡിവിഡന്റ് വിതരണം



ഡിവിഡന്റ് വിതരണം



ഡിവിഡന്റ് വിതരണം




പാഠപുസ്തക വിതരണം



പഠനോപകരണ വിതരണം



കമ്പനി ഓഫീസ് ഉദ്ഘാടനം



കർഷകരെ ആദരിക്കൽ



കർഷകരെ ആദരിക്കൽ



കർഷകരെ ആദരിക്കൽ



സാംസ്കാരിക പരിപാടി – സമ്മാനവിതരണം



സാംസ്കാരിക പരിപാടി – സമ്മാനവിതരണം




യാത്രയയപ്പ് ചടങ്ങ് –ഓകെ യോഗം പ്രസിഡന്റ് ശ്രീ. നാരായണൻകുട്ടി മേനോൻ





മുൻപ്രസിഡന്റ് ശ്രീ. കെ. പി. കുമാര കുറുപ്പിന് യാത്രയയപ്പ്








ഗ്രന്ഥശാല പ്രവർത്തനോദ്ഘാടനവും – കുടുംബാംഗങ്ങളെ ആദരിക്കലും

## സാംസ്കാരിക പ്രവർത്തനങ്ങളുടെ
### ഭാഗമായുള്ള പരിപാടികളിൽനിന്ന്

